ഉത്തരം

(എ) ഇപ്പോഴത്തെ പ്രതിദിന ശരാശരി വൈദ്യുത ഉപഭോഗം 63 ദശലക്ഷം യൂണിറ്റാണ്. ഇത് മാർച്ച് മാസം അവസാനത്തോടെ 70 ദശലക്ഷം യൂണിറ്റ് ആകുമെന്നാണ് കരുതുന്നത്.

(ബി) വേനൽക്കാലത്ത് വൈദ്യുതി ഉപഭോഗം പരമാവധി കുറച്ച് ലോഡ് ഷെഡ്ഡിംഗ്, പവർകട്ട് തുടങ്ങിയ നിയന്ത്രണങ്ങൾ ഒഴിവാക്കാൻവേണ്ടി ഊർജ്ജ സംരക്ഷണം ഒരു ദിനചര്യയാക്കാൻ ഉപഭോക്താക്കളെ നിരന്തരം ഓർമ്മിപ്പിക്കുകയും പ്രേരിപ്പിക്കുകയും സജ്ജമാക്കുകയും ചെയ്യുന്നതിനുവേണ്ടിയുള്ള ബൃഹത്തായ ഊർജ്ജ സംരക്ഷണ പ്രചാരണ പരിപാടിയാണ് ലാഭപ്രഭ. 2013 മാർച്ച് 23-ന് ആരംഭിച്ച് മേയ് 31-ന് അവസാനിച്ച ലാഭപ്രഭ സീസൺ 1 കാമ്പയിൻ പീരീഡിൽ ഉദ്ദേശം 22,80,750 യൂണിറ്റ് വൈദ്യുതിയുടെ കുറവ് രേഖപ്പെടുത്തി. 2013 മാർച്ചിൽ പ്രതിദിനം ശരാശരി 62 ദശലക്ഷം യൂണിറ്റാണ് ഉപഭോഗം പ്രതീക്ഷിച്ചതെങ്കിലും ശരാശരി 58.85 ദശലക്ഷം യൂണിറ്റിന്റെ ഉപഭോഗമേ ഉണ്ടായിട്ടുള്ളൂ. 2013 മേയ് മാസത്തിൽ പ്രതിദിനം 59.9 ദശലക്ഷം യൂണിറ്റ് ഉപഭോഗം പ്രതീക്ഷിച്ചെങ്കിലും ശരാശരി 57.1 ദശലക്ഷം യൂണിറ്റ് ആയിരുന്നു യഥാർത്ഥ ഉപഭോഗം. 2014 മാർച്ച് 1 മുതൽ മേയ് 31 വരെയുള്ള ലാഭപ്രഭ സീസൺ 2 കാമ്പയിൻ പീരീഡിൽ വൈദ്യുതി ഉപയോഗത്തിലുണ്ടായ വ്യത്യാസം കണക്കാക്കുന്ന ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(സി) സംസ്ഥാനത്തെ ജലവൈദ്യുത നിലയങ്ങളിൽനിന്ന് കൂടുതൽ വൈദ്യുതി ഉത്പാദിപ്പിച്ചും കേന്ദ്രപൂളിൽനിന്ന് പരമാവധി വൈദ്യുതി ലഭ്യമാക്കിയും സംസ്ഥാനത്തിനു പുറമേ നിന്നുള്ള വൈദ്യുത വ്യാപാരികളിൽനിന്നും എനർജി എക്സ്ചേഞ്ചുകളിൽ നിന്നും വൈദ്യുതി വാങ്ങിയും സംസ്ഥാനത്തെ ദ്രവ ഇന്ധന നിലയങ്ങളിൽ നിന്ന് കൂടുതൽ വൈദ്യുതി ഉത്പാദിപ്പിച്ചും സംസ്ഥാനത്ത് ഈ വേനൽകാലത്തുണ്ടാകുന്ന അധിക വൈദ്യുത ഉപയോഗം നേരിടാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

ചിമ്മിനി ഡാമിലെ ഊർജ്ജോൽപ്പാദന പദ്ധതി

24 (370) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചിമ്മിനി ഡാമിലെ ഊർജ്ജോൽപ്പാദന പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാകുമെന്ന് വിശദമാക്കാമോ ?

ഉത്തരം

ഇപ്പോഴത്തെ പുരോഗതി അനുസരിച്ച് 2015 ഏപ്രിൽ മാസത്തോടുകൂടി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly